"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - തലശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കർ - ആന്റണി ദാസിന്റെ ഭാര്യ ശ്രീമതി. മാർഗററ്റ്.കെ.എഫ് - ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(കൈ) നം.154/2022/LSGD തീയതി,തിരുവനന്തപുരം, 21-07-2022

---

പരാമർശം:-

1. 24.05.1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.ഭ.പ.വ നമ്പർ ഉത്തരവ്.
2. ശ്രീമതി. മാർഗററ്റ്.കെ.എഫ് സമർപ്പിച്ച 27.10.2015 , 28.03.2017 എന്നീ തീയതികളിലെ ആശ്രിതനിയമന അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 16.01.2016, 09.04.2018 തീയതികളിലെ 4/28619/15 നമ്പർ കത്ത്.
4. നഗരകാര്യ ഡയറക്ടറുടെ 13.07.2022 തീയതിയിലെ DUA/4760/2022-E4 നമ്പർ കത്ത്.
5. 21.02.2018 തീയതിയിലെ സ.ഉ.(കൈ) നം. 5/2018/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്
6. കണ്ണൂർ ജില്ലാ കളക്ടറുടെ 23.11.2019 തീയതിയിലെ DCKNR/5298/2018-A5 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് തലശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിച്ചുവരവേ 17.03.2015 തീയതിയിൽ മരണപ്പെട്ട ആന്റണി ദാസിന്റെ ഭാര്യ ശ്രീമതി. മാർഗററ്റ് കെ.എഫ്('കൃപ', ഗാർഡൻസ് റോഡ്, ടെമ്പിൾഗേറ്റ് പി.ഒ, പിലാക്കൂൽ, കണ്ണൂർ) അപേക്ഷ സമർപ്പിച്ചിരുന്നു. ആന്റണി ദാസിന്റെ സേവനകാലം 06 വർഷവും 09 മാസവും 07 ദിവസവുമാണ്. സർവീസ് സർട്ടിഫിക്കറ്റ് പ്രകാരം പരേതന്റെ ജനന തീയതി , സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 10.08.1971 , 10.06.2008 ആണ്. നഗരകാര്യ ഡയറക്ടറും കണ്ണൂർ ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

2.ശ്രീമതി. മാർഗററ്റ് കെ.എഫ് പത്താംതരം വിജയിച്ചിട്ടുണ്ടെങ്കിലും നിശ്ചിത സമയപരിധിയ്ക്കുള്ളിൽ സമർപ്പിച്ച അപേക്ഷയിൽ ടി യോഗ്യത നേടിയിട്ടില്ല. ടിയാരിയുടെ ജനന തിയതി 17.05.1980 ആണ്. ടിയാരി 27.10.2015 തീയതിയിൽ സമർപ്പിച്ച ആശ്രിത നിയമനത്തിനുള്ള അപേക്ഷ നിശ്ചിത സമയപരിധിയ്ക്കുള്ളിലാണ് സമർപ്പിച്ചിട്ടുള്ളത്. പരേതന്റെ ആശ്രിതരിൽ മറ്റാർക്കുംതന്നെ ആശ്രിതനിയമനം നൽകിയിട്ടില്ലെന്ന് കണ്ണൂർ ജില്ലാ കളക്ടർ വ്യക്തമാക്കിയിട്ടുണ്ട്. ശ്രീമതി. മാർഗററ്റ് കെ.എഫ്-ന് ജോലി നൽകുന്നതിന് എതിർപ്പില്ലായെന്ന് പരേതന്റെ മറ്റ് അവകാശികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ശ്രീമതി. മാർഗററ്റ് കെ.എഫ്-ന്റെ കുടുംബ വാർഷിക വരുമാനം 30,000/-രൂപയാണെന്ന് (മുപ്പതിനായിരം രൂപ മാത്രം)

തിരുവങ്ങാട് വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാമർശം 5 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്.

3.സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് തലശ്ശേരി നഗരസഭയിൽ സാനിറ്റേഷൻ വർക്കറായി സേവനമനുഷ്ഠിച്ചുവരവേ 17.03.2015 തീയതിയിൽ മരണപ്പെട്ട ആന്റണി ദാസിന്റെ ഭാര്യ ശ്രീമതി. മാർഗറ്റ് കെ.എഫ്-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ ഏതെങ്കിലും നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ടി ആശ്രിത നിയമനം ഈ തസ്തികയിലെ ആകെ നിയമനത്തിന്റെ 5%-ത്തിൽ അധികരിക്കരുതെന്ന വ്യവസ്ഥയിൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു .

4. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

5. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

<u>പകർപ്പ്:</u>

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തലശ്ശേരി നഗരസഭ
ജില്ലാ കളക്ടർ , കണ്ണൂർ.
ശ്രീമതി. മാർഗററ്റ് കെ.എഫ്,'കൃപ', ഗാർഡൻസ് റോഡ്, ടെമ്പിൾഗേറ്റ് പി.ഒ, പിലാക്കൂൽ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി(ഇയു4/81/2018-തസ്വ.ഭ.വ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ